"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിങ് വിഭാഗം - ഇടുക്കി ജില്ല - തൊടുപുഴ മുനിസിപ്പാലിറ്റി - സിസിലിയ ഹോട്ടലിന്റെ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിലെ വീഴ്ച - ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ബിജു വി.കെ. (PEN:482147) - യ്ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.471/2026/LSGD തീയതി,തിരുവനന്തപുരം, 24-02-2026

പരാമർശം:-

1. തദ്ദേശ സ്വയംഭരണ (RA) വകുപ്പിൽ നിന്നുള്ള 04.06.21-ലെ 153/RA3/2021/LSGD നമ്പർ കുറിപ്പ്.
2. വിജിലൻസ് (D) വകുപ്പിൽ നിന്നുള്ള 24/02/2021 ലെ Vig-D1/474/2020- നമ്പർ കുറിപ്പ്.
3. വിജിലൻസ് ഡയറക്ടറുടെ 04/06/2020-ലെ ഇ8-(എസ്.സി.46/19/ഐഡികെ) 20087/2019 നമ്പർ കത്ത്.
4. 19/01/2022-ലെ 354/EWA4/2021/തസ്വഭവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
5. 10.03.24-ൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ബിജു വി.കെ. സമർപ്പിച്ച പ്രതിവാദപത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ലെ നമ്പർ അഭിപ്രായക്കുറിപ്പ്

**ഉത്തരവ്**

ശ്രീ.ബാബു മഞ്ഞള്ളൂർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ്, ഇടുക്കി യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ (SC 46/2019/IDK), സിസിലിയ ഹോട്ടലിന്റെ Extension പണികൾക്ക് 04/09/2013-ൽ നൽകിയ പെർമിറ്റ് റദ്ദ് ചെയ്ത് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ച് 16.02.2015-ലെ 40120/RA3/2008/LSGD നമ്പർ സർക്കാർ കത്ത് 14/05/2015-ൽ തൊടുപുഴ മുൻസിപ്പാലിറ്റിയിൽ ലഭിച്ചുവെങ്കിലും ടി കത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസിയർ ശ്രീ.ബിജു വി.കെ. 21/06/2019 വരെ കൈവശം വച്ച് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിരുന്നു. മേൽപ്പറഞ്ഞ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ മുൻസിപ്പൽ സെക്രട്ടറി ശ്രീ.റ്റി.ജി.അജേഷ്, മുൻ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ. ബിജു വി.കെ. (PEN:482147) എന്നിവർക്കെതിരെ നടപടിയെടുക്കുവാൻ പരാമർശം (2), (3) പ്രകാരം വിജിലൻസ് ശിപാർശ ചെയ്തു. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരനായ

ശ്രീ.ബിജു വി.കെ.-യ്ക്കെതിരെ KCS(CC&A) റൂൾ 16 പ്രകാരം പരാമർശം (4) കുറ്റപത്രം നല്കി അച്ചടക്കനടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ.ബിജു വി.കെ സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള പ്രതിവാദപത്രികയിൽ ടിയാൻ 05.10.2012 മുതൽ 17.07.2019 വരെയാണ് തൊടുപുഴ നഗരസഭയിൽ ഒന്നാംതരം ഓവർസിയറായി ജോലി ചെയ്തിരുന്നതെന്നും, അമിത ജോലി ഭാരവും, ഓർമ്മക്കുറവും, തിരക്കും ആയതിനാൽ സിസിലിയ ഹോട്ടലിന്റെ ഫയലിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ലെന്നും നഗരസഭയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടിയാണ് ചുമതലകൾ നിർവ്വഹിച്ചിരുന്നതെന്നും കൂടാതെ അധിക ചുമതലകളും നിർവ്വഹിച്ചിട്ടുണ്ടെന്നും, മേലുദ്യോഗസ്ഥർക്കോ കൗൺസിലിനോ പരാതി ഉണ്ടായിട്ടില്ലെന്നും, ടിയാന്റെ സർവ്വീസ് കാലയളവിൽ ആർക്കും ബുദ്ധിമുട്ടുണ്ടാക്കാതെയാണ് ജോലി ചെയ്തിരുന്നതെന്നും, ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ഡിപ്പാർട്ടുമെന്റിന്റെ അന്തസും സൽപ്പേരും കളങ്കം വരുത്തുന്ന ഒരു നടപടിയും നാളിതുവരെ ഉണ്ടാക്കിയിട്ടില്ലെന്നും, ടിയാൻ മനഃപൂർവ്വം ഫയൽ കൈവശം വച്ച് കാലതാമസം വരുത്തിയിട്ടില്ലെന്നും ടിയാന്റെ കൃത്യനിർവഹണത്തിൽ അറിഞ്ഞുകൊണ്ട് ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ഇക്കാര്യങ്ങൾ പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദ പത്രികയിന്മേൽ ലഭ്യമാക്കിയ പരാമർശം (6) പ്രകാരമുള്ള അഭിപ്രായ റിപ്പോർട്ടിൽ തൊടുപുഴ നഗരസഭയിലെ ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 16.02.2015-ലെ 40120/RA3/2008/LSGD നമ്പർ സർക്കാർ കത്ത് പ്രകാരം സിസിലിയ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 100 പ്രകാരം അനുമതി നൽകിയത് തെറ്റാണെന്നും പ്രസ്തുത നിർമ്മാണത്തിന് നൽകിയ അനുമതി റദ്ദ് ചെയ്ത് ടി അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്ന നോട്ട് സഹിതം 17.06.2015-ൽ ടി ഫയൽ ഓവർസിയർക്ക് കൈമാറിയിട്ടുള്ളതായും 17.05.2015-ൽ കൈവശം ലഭിച്ച ടി ഫയലിൽ 17.07.2019 വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നും സർക്കാരിൽ നിന്നും അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണമെന്ന ശിപാർശ ചെയ്തുകൊണ്ടുള്ള കത്ത് ലഭ്യമായിട്ടും ആയതിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെ ഫയൽ കൈവശം വച്ചിരുന്ന ഓവർസിയർ ശ്രീ.ബിജു വി.കെ കൃത്യനിർവഹണത്തിൽ ഗുരുതരവീഴ്ച വരുത്തിയിട്ടുണ്ടെന്നും എതിർവാദ പത്രികയിൽ ടിയാനെ കുറ്റവിമുക്തനാക്കണമെന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ലയെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്, ശ്രീ.ബിജു വി.കെ. സമർപ്പിച്ച പ്രതിവാദ പത്രിക, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാരിൽ നിന്നും അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കണമെന്ന ശിപാർശ സഹിതം 17.05.2015-ൽ കൈവശം ലഭിച്ച ഫയലിൽ 17.07.2019 വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നതാണ് ടിയാനെതിരായ ആരോപണം. ആരോപണത്തെ

ഖണ്ഡിക്കുന്ന വാദങ്ങളൊന്നും ടിയാൻ പ്രതിവാദ പത്രികയിൽ ഉന്നയിച്ചിട്ടില്ല. യാതൊരു നടപടിയും സ്വീകരിക്കാതെ ഫയൽ കൈവശം വച്ചിരുന്ന ഓവർസിയർ ശ്രീ.ബിജു വി.കെ. കൃത്യനിർവഹണത്തിൽ ഗുരുതരവീഴ്ച വരുത്തിയിട്ടുണ്ടെന്നും ടിയാന്റെ എതിർവാദ പത്രികയിലെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ലയെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ, തൊടുപുഴ മുൻസിപ്പാലിറ്റിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ മുൻ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ശ്രീ.ബിജു വി.കെ. (PEN :482147)-യ്ക്കെതിരെ KCS(CC&A)റൂൾസ് 1960-യിലെ റൂൾ 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ അതേ ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ശിക്ഷ നൽകി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1) ശ്രീ.ബിജു വി.കെ.(PEN : 482147), AE, മണക്കാട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവുപ്രകാരമുള്ള അടിയന്തര തുടർനടപടിയ്ക്കായി)**
3) തദ്ദേശ സ്വയംഭരണ (RA)വകുപ്പ് ( 04.06.21-ലെ RA3/153/2021/LSGD നമ്പർ കുറിപ്പ് പ്രകാരം.)
4) വിജിലൻസ് (D)വകുപ്പ് ( 24/02/2021 ലെ Vig-D1/474/2020-നമ്പർ കുറിപ്പ് പ്രകാരം)
5) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7) തദ്ദേശ സ്വയംഭരണ(EWB)വകുപ്പ് **(DPC list സംബന്ധിച്ച നടപടിയ്ക്കായി).**
8) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്(EWA4/354/2021-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 24-02-2026 17:24:53

സെക്ഷൻ ഓഫീസർ